(ഇ) കാലതാമസം ഒഴിവാക്കി പൂർത്തിയാക്കിയ പണികൾക്ക് തുക അടിയന്തിരമായി ലഭിക്കാൻ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആനപ്പാംകുഴി, പറവൻ 54, മുണ്ടകൻകള്ളി, കാരിച്ചാൽ, പോത്തൻ മാലി, മടമറ്റം, അട്ടാംപറമ്പ് സൗത്ത് തട്ടാപറമ്പ് വെസ്റ്റ്, കാളൻതോട്, പടിത്തിരിപ്പള്ളിക്കരി എന്നീ പാടശേഖരങ്ങളിലാണ് മടവീഴ്ച യെത്തുടർന്ന് കൃഷി നാശമുണ്ടായിട്ടുള്ളത്.

(സി) ഈ പാടശേഖരങ്ങളിൽ കൃഷി എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് എടുക്കുകയും പാടശേഖരസമിതികൾ അതനുസരിച്ച് ബണ്ട് നന്നാ ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) തുക നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃഷി ഭവനുകൾക്ക് സ്വന്തമായി കെട്ടിടം

148(1977)ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ ഏതൊക്കെ കൃഷിഭവ നുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം കൃഷിഭവനുകൾക്ക് ഇപ്പോൾ കെട്ടിടം നിർമ്മിച്ചു വരുന്നുണ്ട്;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത ഏതെല്ലാം കൃഷിഭവനുകൾക്ക് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേകന്നൂർ, മറവൂർ, ഉണ്ണിക്കുളം എന്നിവ കെ.എ.ഇ.പി. കാർട്ടേ ഴ്സിൽ പ്രവർത്തിക്കുന്നു. കൊടുവള്ളി കൃഷിഭവൻ പഞ്ചായത്തിന്റെ കെട്ടിട ത്തിൽ വാടകയില്ലാതെ പ്രവർത്തിക്കുന്നു.

(ബി) കൃഷിഭവനുകൾക്കായി കെട്ടിടങ്ങൾ ഒന്നും നിർമ്മിച്ചുവരുന്നില്ല.

(സി) സർക്കാരിലേയ്ക്ക് 5 സെന്റ് സ്ഥലം സൗജന്യമായി ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ചും മാത്രമേ കെട്ടിടം നിർമ്മിക്കാൻ അനുവാദം നൽകാൻ സാധിയ്ക്കൂ.

മഞ്ചേശ്വരം വെയർ ഹൗസിന്റെ ഗോഡൗൺ സ്ഥാപിക്കാൻ നടപടി

149(1978)ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം വെയർഹൗസിന്റെ ഒരു ഗോഡൗൺ സ്ഥാപിക്കു ന്നത് സംബന്ധിച്ച് എന്ത് നടപടികളായി എന്ന് വിശദീകരിക്കുമോ;

(ബി) എത്ര രൂപയാണ് നിർമ്മാണചെലവ് ഉദ്ദേശിക്കുന്നത്;

(സി) കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കും?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(സി) ഇപ്പോഴത്തെ സാഹചര്യത്തിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയില്ല എന്ന കാരണത്താൽ മഞ്ചേശ്വരം വെയർഹൗസിന്റെ ഒരു ഗോഡൗൺ ഇപ്പോൾ സ്ഥാപിക്കുന്നതിന് നടപടിയൊന്നും എടുത്തിട്ടില്ല.

കാർഷിക സർവ്വകലാശാലയിലെ നിലവിലുള്ള സെക്യൂരിറ്റി സംവിധാനം

150(1979) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിൽ വിജിലൻസ് വിഭാഗമുണ്ടോ;

(ബി) സർവകലാശാലയിൽ നിലവിലുള്ള സെക്യൂരിറ്റി സംവിധാനം വിശദമാക്കുമോ;

(സി) കോൺട്രാക്ട് അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ഈ വിധത്തിൽ നിയമിച്ചിട്ടുള്ളത്;

(ഡി) ഈ ജീവനക്കാർക്ക് ഇപ്പോൾ കൊടുക്കുന്ന വേതനം എത്രയാണ്; ഇവരുടെ സേവന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) സെക്യൂരിറ്റി സംവിധാനത്തിനായി കോൺട്രാക്ടുകാർക്ക് ഇതുവരെയായി സർവകലാശാല എത്ര തുക നൽകിയിട്ടുണ്ട്;

(എഫ്) സർവകലാശാലയിൽ കരാറടിസ്ഥാനത്തിലുള്ള സെക്യൂരിറ്റി സംവിധാനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പകരം എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക സർവകലാശാലയിൽ പ്രത്യേക വിജിലൻസ് വിഭാഗം ഇല്ല. എങ്കിലും സർവകലാശാല രജിസ്ട്രാർ സർവകലാശാലയുടെ വിജിലൻസ് ഓഫീസർ കൂടിയാണ്.

(ബി) പോലീസ് വകുപ്പിൽ ഡി.വൈ.എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചീഫ് സെക്യൂരിറ്റി ഓഫീസറായും സൈന്യത്തിൽനിന്ന് ജൂനിയർ കമ്മീഷൻസ് ഓഫീസർ റാങ്കിൽ വിരമിച്ചവരിൽനിന്നും തെരഞ്ഞെടുത്ത് കരാറടിസ്ഥാനത്തിൽ നിയമിച്ച 5 സെക്യൂരിറ്റി ഓഫീസർമാരും സർവകലാശാലയിലെ തൊഴിലാളികളിൽനിന്നും തെരഞ്ഞെടുത്ത് നിയോഗിക്കപ്പെട്ട 32 സെക്യൂരിറ്റി ഗാർഡുമാരും ഏജൻസികൾ മുഖേന കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള സൂപ്പർവൈസർമാരും ഗാർഡുകളും ചേർന്നതാണ് സർവകലാശാലയിലെ സെക്യൂരിറ്റി സംവിധാനം.

(സി) സർവകലാശാലയുടെ ഏതാനും കാമ്പസുകളുടെ സുരക്ഷിതത്വ ചുമതല 1992 മുതൽ ഓരോ വർഷത്തേക്ക് മത്സരാടിസ്ഥാനത്തിലുള്ള കരാർ പ്രകാരം സെക്യൂരിറ്റി ഏജൻസികളെ ഏൽപ്പിച്ചുവരുന്നുണ്ട്.

(ഡി) സെക്യൂരിറ്റി ഏജൻസി നിയോഗിക്കുന്ന ഗാർഡുമാർക്കും സൂപ്പർവൈസർമാർക്കും സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതും

LIBRARY ARCHIVES Kerala Legislative Assembly